"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ മരണപ്പെട്ട റ്റിറ്റോ മാത്യുവിന്റെ ഭാര്യ ശ്രീമതി.ഡെസ്സിമോൾ ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.57/2022/F&WLD തീയതി, തിരുവനന്തപുരം, 09-12-2022.

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി.ഡെസിമോൾ.എ.വി, തായങ്കരിയിൽ ഹൗസ്, കീരിത്തോട് പി ഒ, ഇടുക്കി-685606 സമർപ്പിച്ച 20.10.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 28.05.2022 ലെ ഇ6/2180/2022 നമ്പർ കത്തും അനുബന്ധ രേഖകളും.
4. ഇടുക്കി ജില്ലാ കളക്ടറുടെ 15.11.2022 ലെ DCIDK/3931/2022-A8 നമ്പർ കത്തും അനുബന്ധ രേഖകളും.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ 14.03.2021 ൽ മരണപ്പെട്ട റ്റിറ്റോ മാത്യുവിന്റെ ഭാര്യ ശ്രീമതി.ഡെസ്സിമോൾ.എ.വി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം ഇടുക്കി ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. ഇടുക്കി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ, ഭാര്യ ഡെസ്സിമോൾ.എ.വി, മകൾ ഹേബ അന്ന റ്റിറ്റോ എന്നിവരാണ്. അപേക്ഷകയുടെ ജനനത്തീയതി 30.04.1995 ആണ്. ടിയാൾക്ക് 27 വയസ്സ് പൂർത്തിയായിട്ടുള്ളതും ബിരുദ യോഗ്യതയുള്ളതുമാണ്. ടിയാളുടെ കുടുംബവാർഷിക വരുമാനം 85,000/-രൂപയാണെന്ന് കഞ്ഞിക്കുഴി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ ഇടുക്കി സോഷ്യൽ ഫോറസ്ട്രി

ഡിവിഷനിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേനത്തിലിരിക്കെ 14.03.2021 ൽ മരണപ്പെട്ട റ്റിറ്റോ മാത്യുവിന്റെ ഭാര്യ ശ്രീമതി. ഡെസ്സിമോൾ.എ.വി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, ഇടുക്കി ജില്ലയിൽ വനം വന്യജീവി വകുപ്പിൽ, 26500-60700 രൂപ ശമ്പള സ്കെയിലിൽ, ക്ലർക്ക് തസ്തികയിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇടുക്കി ജില്ല യിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും ഇടുക്കി ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് സ്ഥലം മാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് ജി ആർ

ജോയിന്റ് സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ജില്ലാ കളക്ടർ, ഇടുക്കി.

ശ്രീമതി.ഡെസിമോൾ.എ.വി, തായങ്കരിയിൽ ഹൗസ്, കീരിത്തോട് പി ഒ, ഇടുക്കി-685 606. (രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 09-12-2022 15:37:14**

സെക്ഷൻ ഓഫീസർ.